Issued to Sajeesh. D

# കേരള സർക്കാർ

## ജലസേചന (ചെറുകിട ജലസേചനം) വകുപ്പ്

## ലഘു ദർഘാസ് പരസ്യം (പുനർ ദർഘാസ്)

തീയതി 11/01/2018

ഡി 1 -ടി 2- ആർ2/എ ഇ ഇ/എം ഐ എസ് ഡി/2017-18

കേരള ഗവർണർക്കുവേണ്ടി ഷൊറണൂർ ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള ഇലെക്ട്രിക്കൽ കരാറുകാരിൽ നിന്നും (പ്രവർത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വെച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ തപാലിൽ (രജിസ്‌ട്രേഡ് പോസ്റ്റായി മാത്രം)ക്ഷണിച്ചുകൊള്ളുന്നു.തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിനു ഈ വകുപ്പ് ഉത്തരവാദി യാകുന്നതല്ല . ദർഘാസുകൾ താഴെ പറയുന്ന തീയതികളിൽ ഉച്ചക്ക് 3 മണി വരെ സ്വീകരിക്കുന്നതും ഉച്ചക്ക് 3 .30 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്നമറ്റു ഉദ്യോഗസ്ഥരോ തത്സമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ 4 മാസം ആയിരിക്കും

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | ദർഘാസ് പ്രമാണത്തിന്റെ വില | നിരത ദ്രവ്യം | കരാറുകാരുടെ വിഭാഗം | നിർമാണത്തിന്റെ കാലാവധി |
|---|---|---|---|---|---|---|
| 1 | ടി2- ആർ2- 1/2017-18 | റീവൈൻഡിങ് 20 എച് പി സ്ലിപ് റിംഗ് മോട്ടോർ എൽ ഐ എസ് കീഴായൂർ ,പട്ടാമ്പി<br>അടങ്കൽ തുക 33,000/- | 300+12% GST | 850 രൂപ | "C" യും മുകളിലും അല്ലെങ്കിൽ SSI യുംGST രെജിസ്‌ട്രേഷനും | 15 days |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

1. ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന അവസാന തീയതിയും സമയവും:-

   ക്രമ നമ്പർ 1- 15-01-2018 ഉച്ചക്ക്1 മണി വരെ

2. ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും:-

   ക്രമ നമ്പർ 1- 18-01-2018 ഉച്ചക്ക് ശേഷം 3 മണി വരെ

3. ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന അവസാന തീയതിയും സമയവും:-

   ക്രമ നമ്പർ 1- 18-01-2018 ഉച്ചക്ക് ശേഷം 3.30 മണി വരെ

കരാറുകാരുടെ വിഭാഗം സി യും മുകളിലുമുള്ള പൊതുമരാമത്തു ഇലെക്ട്രിക്കൽ കരാറുകാർ.പ്രവർത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ചു ഇവരുടെ അഭാവത്തിൽ SSI യുംGST രെജിസ്‌ട്രേഷനും ഉള്ള ജലസേചന ആവശ്യങ്ങൾക്കുള്ള ഉയർന്നശേഷി മോട്ടോർ പമ്പ് സീറ്റുകളുടെ അടിയന്തിര അറ്റകുറ്റ പണികൾ,റീവൈൻഡിങ്,പരിപാലനം തുടങ്ങിയ മേഖലകളിൽ ചുരുങ്ങിയത് ഒരു വർഷത്തെ പ്രവർത്തി പരിചയമുള്ളവരുടെ ദർഘാസുകളും നിബന്ധനകൾക്കു വിധേയമായി പരിഗണിക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റു വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ് .ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടുള്ളതല്ല ദർഘാസുകളോടൊപ്പം 200 രൂപയുടെ (ഇരുനൂറു രൂപയുടെ )മുദ്ര പത്രത്തിൽ പ്രാഥമീക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം നിരത ദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽനിന്നോ നാഷണൽ സേവിങ്സ് സർട്ടിഫിക്കറ്റ് പോസ്റ്റോഫീസിൽ നിന്നോ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ മാത്രം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്ക വിധത്തിൽ അധികാര പെടുത്തിയിട്ടുള്ള തുമായിരിക്കണം പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ് . 1989 ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ചു പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ നിർമാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1 % നിർമാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാധ്യ സ്ഥനാണ്. കേരള പൊതുമരാമത്തു ജലസേചന വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

(കേരള ഗവർണ്ണർക്കുവേണ്ടി)


അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം

ചെറുകിട ജലസേചന വിഭാഗം

ഷൊറണൂർ (ഫോൺ-0466 2222303)